# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

**ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മാണത്തിനായി മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ ആലങ്കോട് വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ**

## മലപ്പുറം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്

**20 നവംബർ 2024**



**അർത്ഥനാധികാരി**

**എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ ഡിവിഷൻ, തിരൂർ**

**ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ**

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)

ജനറൽ, തിരൂർ,

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**


രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്

രാജഗിരി.പി.ഒ. കളമശേരി, പിൻ: 683 104

ഫോൺ: 0484 2911332/2550785

rajagirisia@gmail.com

www.rajagiri.edu

## ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

## അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിന്റെ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

## അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യ നിർണ്ണയം

4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപന ത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

## അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

3.1.1. പഠനസംഘം

3.2.1. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ

3.4.1. പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസ്സുകൾ

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, വിദ്യാഭ്യാസ പ്രവർത്തനങ്ങളോടൊപ്പം, സാമൂഹ്യസേവന പ്രവർത്തനങ്ങളും, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങളും, പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും ചെയ്തു വരുന്നു. RFCTLARR ACT-2013 അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

2024 ആഗസ്റ്റ് 09 തീയതിയിലെ നമ്പർ 2605, വാല്യം 13 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മലപ്പുറം ജില്ലാ കളക്ടറുടെ 07.08.2024 തീയതിയിലെ വിജ്ഞാപനം നമ്പർ DCMPM/3526/2024-LA4 പ്രകാരം മലപ്പുറം ജില്ലയിൽ **ചങ്ങരങ്കുളം 33/11 കെ.വി സബ് സ്റ്റേഷൻ** നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ ആലങ്കോട് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും പ്രത്യേകം അവസാന അദ്ധ്യായമായി (അദ്ധ്യായം:11) ഉൾപ്പെടുത്തി കൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**ഡോ. (ഫാ) സാജു എം.ഡി**
പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA)

# അദ്ധ്യായം 1

## പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും പൊതു ആവശ്യവും

റോഡുകൾ, റെയിലുകൾ, വൈദ്യൂതി വിതരണ ശൃംഖല എന്നിവ ഉൾപ്പടെയുള്ള ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുന്നത് രാജ്യത്തിൻെറ അഭിവൃദ്ധിയിലേക്കുള്ള ഒരു ചുവട് വെയ്പ്പായിരിക്കും. മലപ്പുറം ജില്ലയിലെ ആലങ്കോട് പഞ്ചായത്തിൽ അടുത്ത കാലത്തായി മാളുകൾ, കച്ചവട സ്ഥാപനങ്ങൾ, കാർഷിക മേഖല എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി കോൾ പാടങ്ങളിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിന് ഉയർന്ന വോൾട്ടേജുള്ള മോട്ടോറുകളാണ് ഉപയോഗിക്കുന്നത്. അയതിനാൽ ഈ സമയങ്ങളിൽ വൈദ്യുതി ഫീഡറുകളിൽ നിന്നുള്ള പവറിന് വ്യതിയാനം സംഭവിക്കുന്നുണ്ട്. നിലവിലുള്ള ഫീഡറുകളിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതി മതിയാകാതെ വരുകയും പ്രദേശത്ത് വൈദ്യുതി ഉപയോഗം മണിക്കൂറുകളോളം തടസ്സപ്പെടുന്നതും നിത്യ സംഭവമാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിലാണ് ചങ്ങരംകുളം പ്രദേശത്ത് 33/11 KV സബ് സ്റ്റേഷൻ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചത്.

### 1.2. പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിലെ ആലങ്കോട് പഞ്ചായത്തിൽ 18-ാം വാർഡിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം.

### 1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2024 ആഗസ്റ്റ് 9-ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധരണം) പ്രസിദ്ധപ്പെടുത്തിയ മലപ്പുറം ജില്ലാ കളക്ടറുടെ 7/8/2024 തീയതിയിലെ വിഞ്ജാപനം DCMPM/3526/2024/LA4 പ്രകാരം നിർദ്ദിഷ്ട പദ്ധതിയ്ക്ക് വേണ്ടി പൊന്നാനി താലൂക്കിൽ ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മാണത്തിനായി ആലങ്കോട് വില്ലേജിൽ ഉൾപ്പെടുന്ന ഏകദേശം 0.0477 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനം അനുസരിച്ച് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1-3-1-ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

ജില്ല : മലപ്പുറം താലൂക്ക് : പൊന്നാനി വില്ലേജ് : ആലങ്കോട്

| ക്രമ നം. | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| 1 | ആലങ്കോട് | 191/13A | 0.0477 |
| | | | 0.0477 H |

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പദ്ധതിക്ക് അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ പ്രദേശത്ത് ഇല്ല എന്നതിനാലും നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നതു മൂലം ഏറ്റവും കുറവ് പ്രത്യാഘാതമാണ് ഉണ്ടാകുന്നത് എന്നതിനാലും ഇതരമാർഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

.ശ്രീമതി. സുഹറ എ.യുടെ ഉടമസ്ഥതയിലുള്ളതാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി. നിർദ്ദിഷ്ട ഭൂമിയിൽ ഏതാനും പാഴ്മരങ്ങളുണ്ട് എന്നതൊഴിച്ചാൽ നിർമ്മിതികളോ, മറ്റ് ആസ്തികളോ ഇല്ല. ആയതിനാൽ ഭൂമി ഏറ്റെടുക്കൽ ഉടമയുടെ കുടുംബത്തിൻെറ താമസത്തിനെയോ, ഉപജീവനമാർഗത്തെയോ, മറ്റ് സാമ്പത്തിക പ്രവർത്തനങ്ങളെയോ ബാധിക്കുന്നില്ല. പദ്ധതി പ്രദേശത്ത് ഉടമയ്ക്ക് കൈവശമായ ഭൂമി നഷ്ടമാകുന്നു എന്നത് മാത്രമാണ് ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതമായി കാണുന്നത്.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ-***

| | |
|---|---|
| പദ്ധതിബാധിതമാകുന്ന കുടുംബങ്ങളുടെ എണ്ണം | 1 |
| പദ്ധതിബാധിത ഭൂമിയിലെ നിർമ്മിതി | രണ്ട് വശങ്ങളിൽ ചുറ്റുമതിൽ |
| പദ്ധതിബാധിത ഭൂമിയിലെ ആസ്തികൾ | പാഴ്മരങ്ങൾ |

### 1.6. ലഘൂകരണ നടപടികൾ

ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ പദ്ധതിയ്ക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാനിടയുള്ള മേൽവിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ ശുപാർശ ചെയ്യുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD & 29/12/2017 തീയതിയിലെ പോളിസി പ്രകാരം ഭൂവുടമക്ക് നഷ്ടപരിഹാരം നൽകുക.

- പദ്ധതി നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും, സമയാധിഷ്ഠിതവുമായ നിർമ്മാർജ്ജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെ പ്രദേശത്തിൻെറ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്.

- കാലതാമസം കൂടാതെയുള്ള പദ്ധതി നിർവ്വഹണവും ശുപാർശ ചെയ്യുന്നു

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

പദ്ധതിയുടെ നിർവ്വാഹകരായി സംസ്ഥാന ഗവൺമെൻറ് ചുമതലപ്പെടുത്തിയിരിക്കുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കെ.എസ്.ഇ.ബി. ലിമിറ്റഡ് തിരൂർ, കാര്യാലയത്തെയാണ്.

ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് സർക്കാർ കണക്കാക്കിയിരിക്കുന്നത്.

നിർദ്ദിഷ്ട പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ജനറൽ, തിരൂർ,ആണ്.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യ മാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ, വൈദ്യുതി എന്നിവ നിർമ്മിച്ച് വാണിജ്യ ആവശ്യങ്ങൾ കൃഷി എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)(b) യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

### 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള മലപ്പുറം ജില്ലാ കളക്ടറുടെ ഫോറം നമ്പർ 4 വിജ്ഞാപനം അനുസരിച്ച് പദ്ധതിക്ക് വേണ്ടി മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിലെ ആലങ്കോട് പഞ്ചായ

ത്തിൽ നിന്ന് ഏകദേശം 0.0477 ഹെക്ടർ ഭൂമിയുമാണ് ഏറ്റെടുക്കുന്നത്. ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഏകദേശ ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്നത് 500 ലക്ഷം രൂപയാണ്.

**2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

പ്രത്യാഘാതങ്ങൾ കുറവ് വരത്തക്ക വിധത്തിൽ ഏറ്റവും അനുയോജ്യമായ രീതിയിലാണ് നിലവിലെ രൂപരേഖ തീർച്ചപ്പെടുത്തിയിരിക്കുന്നത് എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

**2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ**

പദ്ധതിയുടെ നിർമ്മാണം ഒറ്റഘട്ടത്തിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ശേഷം പദ്ധതി നിർമ്മാണം ആരംഭിക്കും.

**2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

നിർദ്ദിഷ്ട പദ്ധതിയുടെ അതായത് ചങ്ങരംകുളം 33/11 KV സബ്സ്റ്റേഷൻ ഡിസൈൻ തയ്യാറാക്കിയിരിക്കുന്നത് KSEB Ltd- ൻെറ Strategic business Unit ആണ്. പദ്ധതിയെ മൂന്നായി തിരിച്ചിരിക്കുന്നു.

a) പദ്ധതി a-യിൽ 16 MVA 110/33 KV ട്രാൻസ്ഫോർമറും അതിൻെറ കൂടെ 110 KV സർക്ക്യൂട്ടുമായി ബന്ധപ്പെട്ട ഉപകരണങ്ങളും എടപ്പാളിലെ നിർദ്ദിഷ്ട സബ്സ്റ്റേഷനിൽ ഒരു യൂണിറ്റ് 33/KV ഫീഡർ ഉപകരണങ്ങളും സ്ഥാപിക്കുന്നതാണ് ഉദ്ദേശിക്കുന്നത്.

b) പദ്ധതി b-യിൽ 33KV, 11KV, RMU ഉം 2 x 5 MVA (Mega Volt Amp) SCADA system ഉള്ള ട്രാൻസ്ഫോർമറും ഉൾപ്പെട്ട ഒരു പുതിയ 33/11KV സബ്സ്റ്റേഷൻെറ നിർമ്മാണമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

c) പദ്ധതി c- യിൽ 110 KV എടപ്പാൾ സബ്സ്റ്റേഷനിൽ നിന്നും ചങ്ങരംകുളം വരെ 9.5 കിലോ മീറ്റർ UG Cable (under ground cable) ഉം OFC ഉള്ള Dog conductor-ൻെറ drawing ആണ് ഉള്ളത്.

### 2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതിയ്ക്ക് അനുബന്ധ സൗകര്യങ്ങൾ ആവശ്യമായി വരുന്നില്ല.

### 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ഠിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണ് ഇത്. പദ്ധതിക്ക് വേണ്ടി ഇതിന് മുൻപ് നടത്തിയ മറ്റ് ഇൻവെസ്റ്റിഗേഷൻസ്/ സർവ്വേകൾ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ പഠനം തുടങ്ങിയവ നടത്തിയതായ വിവരം ലഭ്യമല്ല.

### 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

ചങ്ങരംകുളം 33/11 KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിൻെറ ഭാഗമായി മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ ഉൾപ്പെട്ട ആലങ്കോട് വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ

ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം.

❖ വിവരവകാശ നിയമം 2005





# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ ആലങ്കോട് വില്ലേജിൽ നിന്ന് ചങ്ങരംകുളം 33/11 KV സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏകദേശം 0.477 ഹെക്ടർ സ്ഥലം ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് 2024 ആഗസ്റ്റ് 9-ാം തീയതിയിൽ കേരള ഗസറ്റ് വാല്യം 13, നമ്പർ 2605 ൽ പ്രസിദ്ധപ്പെടുത്തിയ 2024 ആഗസ്റ്റ് 7-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCMPM/3526/2024/LA4 പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠനസംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷനായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പലിൻെറ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവസമ്പത്തുള്ള 8 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | Dr. Fr. സാജു എം. ഡി | എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി.. ചെയർമാൻ എസ്.ഐ.എ(പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബികൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | Fr. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യൂ, എം.ഫിൽ കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ | വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ദിവ്യ പി.ജി. | എം.എ. സോഷ്യോളജി റിസേർച്ച് അസ്സോസിയേറ്റ് | ഗവേഷണ /വികസന മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ആതിര കെ.പി. | എം.എസ്.ഡബ്ല്യൂ, റിസേർച്ച് അസ്സോസിയേറ്റ് | ഗവേഷണ /വികസന മേഖലയിൽ 8 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ബിൽബിൻ കെ. വിൽസൺ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 വർഷത്തെ പ്രവർത്തന പരിചയം |

**3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.**

പദ്ധതി ബാധിത കുടുംബത്തിനും വ്യക്തിക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധ ങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബത്തിനും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാത ങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബത്തിൻെറ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങ ളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബത്തെ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ പഠന സംഘാംഗങ്ങൾ 03.09.2024 തീയതിയിൽ പദ്ധതി പ്രദേശം സന്ദർശിക്കു കയും, പഠനത്തിന് വേണ്ടി പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഭൂവുടമ യിൽ നിന്ന് വിവരശേഖരണം നടത്തുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക- സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യ ങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, തിരൂർ, കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ട പരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ പദ്ധതി ബാധിത കുടുംബത്തിന് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിത ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

**പട്ടിക 3.2.1. പഠനത്തിന്റെ വിവിധ ഘട്ടങ്ങൾ**

| തീയതി | ഘട്ടങ്ങൾ |
|---|---|
| **7/08/2024** | പഠനം നടത്തുന്നതിന് കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ നിയോഗിച്ച് മലപ്പുറം ജില്ലാ കളക്ടറുടെ നടപടിക്രമം |
| **03/09/2024** | ഗ്രാമ പഞ്ചായത്ത് സന്ദർശനവും വിവര ശേഖരണവും |
| **03/09/2024** | പദ്ധതി പ്രദേശത്ത് സന്ദർശനവും, പദ്ധതി ബാധിത കുടുംബങ്ങളിൽ സർവെയും |
| **28.09.2024** | കരട് രേഖ |
| **23.10.2024** | പബ്ലിക് ഹിയറിങ്ങ് |
| **20.11.2024** | അന്തിമ രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും |

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

ഏറ്റെടുക്കുന്നത് ഒരു കുടുംബത്തിന്റെ വസ്തുവകകൾ മാത്രമായതിനാൽ മാതൃക പരിശോധന രീതിക്ക് പ്രസക്തിയില്ല.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തി പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചു. പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ

റവന്യൂ രേഖ പ്രകാരമുള്ള ദ്വിതീയ വിവരങ്ങളും അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, തിരൂർ, കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

**പട്ടിക 3.4.1.: പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസുകൾ.**

| തരം | വിവരങ്ങൾ | സ്രോതസ്സ് |
|---|---|---|
| **പ്രാഥമിക വിവരങ്ങൾ** | പദ്ധതി പ്രത്യാഘാതങ്ങൾ, പ്രദേശത്തിന്റെ പ്രത്യേകതകൾ, ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ | • പദ്ധതിബാധിത പ്രദേശം സന്ദർശനവും നിരീക്ഷണവും<br>• പദ്ധതിബാധിതരാകുന്ന ഭൂവുടമയിൽ നിന്ന് സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം.<br>• പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം |
| **ദ്വിതീയ വിവരങ്ങൾ** | പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ<br>ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങൾ | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, തിരൂർ,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, തിരൂർ |

### 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം.

- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- പദ്ധതി പ്രദേശത്തെ സന്ദർശനം
- പദ്ധതി ബാധിത ഉടമയുടെ പ്രതിനിധിയിൽ നിന്ന് വിവര ശേഖരണം
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും.

- പബ്ലിക്ക് ഹിയറിംഗ്
- അന്തിമരേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും

**3.5.1 പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് ബന്ധപ്പെട്ട അധികാരികൾ നൽകിയ മറുപടിയും**

| നമ്പർ | അഭിപ്രായം ഉന്നയിച്ച വ്യക്തി | അഭിപ്രായം | ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മറുപടി |
|---|---|---|---|
| 1 | സുഹറ എ.<br>അറയ്ക്കൽ ഹൗസ്,<br>ചങ്ങരംകുളം<br>പൊന്നാനി<br>9895006338<br>191/13A | ഭൂമി ഏറ്റെടുക്കൽ നടപടി വൈകരുത്. ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായമായ നഷ്ടപാരിഹാരം ലഭിക്കണം | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 പ്രകാരം നഷ്ടപരിഹാരം നൽകുന്നതാണ്<br>**സ്പെഷ്യൽ തഹസിൽദാർ**<br>റവന്യൂ ഡിപാർട്ട്മെൻറ് ആണ് കെ.എസ്.ഇ.ബി ലിമിറ്റഡിനു വേണ്ടി ഭൂമി ഏറ്റെടുത്തു നൽകുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതഗതിയിൽ ആകുവാനുള്ള എല്ലാ പിന്തുണയും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഭാഗത്തു നിന്നും ഉണ്ടായിരിക്കും. റവന്യൂ ഡിപ്പാർട്ട്മെൻറ് നിശ്ചയി |

| | | | |
|---|---|---|---|
| | | | ച്ച് നൽകുന്ന ന്യായമായ നഷ്ടപരിഹാരം ഏറ്റെടു ക്കുന്ന ഭൂമിക്കു നൽകാൻ കെ.എസ്.ഇ.ബി ലിമിറ്റഡ് തയ്യാറാണ്. **എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെ.എസ്.ഇ.ബി)** |

## പബ്ലിക് ഹിയറിങ്

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ലെ ചട്ടം 14 പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി 24/10/2024 തീയതിയിൽ രാവിലെ 11.30 ന് ആലങ്കോട് പഞ്ചായത്ത് ഹാളിൽ പദ്ധതിബാധിതയ്ക്കും ജനപ്രതിനിധികൾക്കും മുൻകൂട്ടി അറിയിപ്പ് നൽകികൊണ്ട് ഒരു പബ്ലിക് ഹിയറിങ് നടത്തി. ആലങ്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ.ഷഹീർ കെ വി പബ്ലിക് ഹിയറിങ് ഉദ്ഘാടനം ചെയ്തു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനയൂണിറ്റ് ഡെവലപ്പ്മെൻറ് ഓഫീസർ ശ്രീ.ബിജു സി.പി. പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ റിസേർച്ച് അസോസിയേറ്റായ ശ്രീമതി. ദിവ്യ പി ജി പഠനത്തിൻെറ കരട് രേഖ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് പദ്ധതി ബാധിതയും ജനപ്രതിനിധികളും പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും തങ്ങളുടെ അഭിപ്രായങ്ങളും ആശങ്കകളും പങ്ക് വെച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ശ്രീ. ഷംസുദ്ദീൻ., സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ജനറൽ തിരൂർ മറുപടി പറഞ്ഞു. ചങ്ങരംകുളം 33/11 KV സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സംശയങ്ങൾക്ക് ശ്രീമതി. സീന ജോർജജ് കെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ട്രാൻസ്മിഷൻ ഡിവിഷൻ തിരൂർ, മറുപടി പറഞ്ഞു. അസിസ്റ്റൻറ് എഞ്ചിനീയർ ശ്രീ.ഫസല്ലു റഹ്മാൻ എൻ.എം., ഹജിലാൽ എസ്.ജി വില്ലേജ് ഓഫീസർ, ആലങ്കോട് എന്നിവർ പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായിരുന്നു. സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ റിസേർച്ച് അസോസിയേറ്റായ ശ്രീമതി. ദിവ്യ പി ജി പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്തവർക്ക് നന്ദി അറിയിച്ചു. യോഗം 12.45 pm ന് അവസാനിച്ചു.

# പബ്ലിക്ക് ഹിയറിംഗ്







# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

**4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം**

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം പൊന്നാനി താലൂക്കിൽ ആലങ്കോട് വില്ലേജിൽ ഉൾപ്പെട്ട പ്രദേശമാണ്. ചങ്ങരംകുളത്ത് നിന്ന് എടപ്പാൾ പോകുന്ന വഴിയിൽ ഇടത്തോട്ട് ആലങ്കോട് ഗ്രാമപഞ്ചായത്തിലെ പെരുമുക്ക് മോസ് ക്കിനു സമീപമാണ് പ്രസ്തുത ചങ്ങരംകുളം 33/11 KV സബ്സ്റ്റേഷൻ നിർമ്മാണത്തിനു അനുയോജ്യമായ സ്ഥലം.

**4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം**
*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ ഉൾപ്പെടുന്ന ആലങ്കോട് വില്ലേജിൽ നിന്ന് ഏകദേശം 0.0477 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഒരു ഭൂ ഉടമയ്ക്ക് ഉണ്ടാകുവാൻ ഇടയുള്ള പ്രത്യാഘാതങ്ങൾ അദ്ധ്യായം 1–ൽ 1.5–ൽ വിശദമായി നൽകിയിട്ടുണ്ട്. ഏറ്റെടുക്കുന്ന പ്രദേശത്തിനപ്പുറത്തേക്ക് മൊത്തത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലെന്ന് പഠന സംഘം വിലയിരുത്തുന്നു.

**4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ മലപ്പുറം ജില്ലാ കളക്ടറുടെ ഫോറം നമ്പർ 4 വിജ്ഞാ പനം അനുസരിച്ച് പദ്ധതിയ്ക്ക് ആവശ്യമായി വരുന്നത് ഏകദേശം 0.0477 ഹെക്ടർ സ്ഥലമാണ് പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാള പ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

**4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

ബാധകമല്ല

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

പെരുമുക്ക് ഭാഗത്ത് ഒരു ഭൂഉടമയുടെ സ്ഥലം മാത്രമാണ് നഷ്ടപ്പെടുന്നത്.

**4.7. ആഘാതബാധിത ഭൂമിയുടെതരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറിൽ 1 ഉടമയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി അഭിമുഖം നടത്തിയത്. ടി ഉടമയിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് പദ്ധതി ബാധിത സ്ഥലത്തിൻെറ തരം, ഉപയോഗം തുടങ്ങിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

**പദ്ധതിബാധിത ഭൂമിയുടെ തരം**

ആലങ്കോട് വില്ലേജിൽ നിന്നും ഏറ്റെടുക്കുന്ന 191/13A സർവ്വെ നമ്പറിലുള്ള സ്ഥലം പൂർണ്ണമായും പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നു.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതിബാധിത സ്ഥലമായ 191/13A സർവ്വെ നമ്പർ ഭൂമി ഉടമ കൈവശ ഭൂമി ആയി ഉപയോഗിക്കുന്നു.

### 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറിലുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം, കണ്ടെത്തിയ ഭൂഉടമയുടെ സ്ഥലത്തിൻെറ ആകെ വിസ്തീർണ്ണം 12 സെൻറ് ഭൂമിയാണ്. നിർദ്ദിഷ്ട സ്ഥലം ഉടമ കൈവശമാക്കിയ രീതി പരിശോധിക്കുമ്പോൾ 5 വർഷത്തിനു മുൻപ് വാങ്ങിയതാണ്.

### കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന വസ്തുവിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

# അദ്ധ്യായം – 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ ചങ്ങരംകുളം 33/11 KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ആലങ്കോട് വില്ലേജിൽ നിന്നും 0.0477 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബത്തിൻെറ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമയെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബത്തെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. ഒരു കുടുംബമാണ് പദ്ധതി ബാധിത വിഭാഗത്തിൽ ഉൾപ്പെടുന്നത്.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

2024 ആഗസ്റ്റ് 9–ാം തീയതിയിലെ 2605-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ മലപ്പുറം ജില്ലാ കളക്ടറുടെ 2024 ആഗസ്റ്റ് 7–ാം തീയതിയിലെ DCMPM/3526/2024/LA4 വിജ്ഞാപന പ്രകാരം ചങ്ങരംകുളം 33/11 KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ആലങ്കോട് പഞ്ചായത്തിൽ ഉൾപ്പെടുന്ന ആലങ്കോട് വില്ലേജിൽ നിന്നും 0.0477 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത സ്ഥലത്തിൻെറ ഉടമയായ ഒരു കുടുംബത്തെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയത്.

പ്രസ്തുത ഉടമയുടെ പേരും, ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1 നൽകിയിരിക്കുന്നു.

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| *ക്രമ നമ്പർ* | *ഉടമയുടെ പേര്, അഡ്രസ്സ് & ഫോൺ നമ്പർ* | *സർവ്വെ നമ്പർ* | *നഷ്ടമാകുന്ന ആസ്തികൾ* |
|---|---|---|---|
| 1 | സുഹറ എ.<br>അറയ്ക്കൽ ഹൗസ്,<br>ചങ്ങരംകുളം<br>പൊന്നാനി<br>9895006338 | 191/13A | ചുറ്റുമതിൽ, പാഴ്മരങ്ങൾ |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടികവർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

അത്തരം കുടുംബങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന സ്ഥലത്ത് കുടുംബങ്ങൾ താമസിക്കുന്നില്ല

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധി യായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

അത്തരം കുടുംബങ്ങൾ പദ്ധതി പ്രദേശത്തില്ല.

**5.6.1. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

ഫലദായക ഭൂമിയ പദ്ധതി ബാധിതരാകുന്ന ഭൂമിയിൽ നിന്ന് ഫലദായക വസ്തുക്കൾ ഒന്നും നഷ്ടപ്പെടുന്നില്ല.

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതി ബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ ആലങ്കോട് വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശമാണ്. പദ്ധതി പ്രകാരം നിർമ്മിക്കുന്ന ചങ്ങരംകുളം 33/11 KV സബ്സ്റ്റേഷൻ ഏറ്റെടുക്കുന്നത് ആലങ്കോട് വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശമാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പങ്കെടുത്ത പദ്ധതി ബാധിത ഭൂവുടമയുടെ കുടുംബത്തിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

വിവരം നൽകിയ പദ്ധതിബാധിത കുടുംബത്തിൽ 2 അംഗങ്ങളാണ്. പദ്ധതിബാധിത കുടുംബം മുസ്ലീം ഒബിസി വിഭാഗത്തിൽ പെടുന്നു.

### 6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, പദ്ധതി ബാധിതമായ കുടുംബത്തിന് വെള്ള നിറത്തിലുള്ള റേഷൻ കാർഡ് ആണ് ലഭിച്ചിട്ടുള്ളത്.

### 6.3. ദുർബല ജനവിഭാഗം

പദ്ധതി ബാധിത ഉടമ 60 വയസ് പ്രായമുള്ള വയോജനമാണ്.

**6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും,പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതി ബാധിതമാകുന്ന ഭൂമി ഭൂവുടമ നിലവിൽ കൈവശഭൂമിയായി മാത്രം ഉപയോഗിക്കുന്നു.

**6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ**

പദ്ധതി ബാധിത പ്രദേശത്ത് വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

**6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പ്രാദേശിക ഉപജീവന ഘടകങ്ങൾ ഒന്നും തന്നെ ബാധിതമാകുന്നില്ല

**6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി ബാധിത പ്രദേശത്തെ കുടുംബം അണുകുടുംബമാണ്. പദ്ധതി പ്രദേശത്ത് ഒരു ഹയർ സെക്കൻററി സ്കൂൾ, പള്ളി ഉള്ളതൊഴിച്ചാൽ മറ്റ് ഏതെങ്കിലും സാംസ്കാരിക സംഘട നകൾ ഉള്ളതായി കണ്ടില്ല. സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഏറ്റെടു ക്കലിൽ ഉൾപ്പെട്ടിട്ടില്ല.

**6.8 ഭരണ സംഘടനകൾ**

പദ്ധതി പ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

**6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

പ്രദേശത്തിൻെറ പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയയെ പദ്ധതി ബാധിക്കുന്നില്ല.

## 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

ചങ്ങരംകുളം 33/11 KV സബ്സ്റ്റേഷൻ ലഭ്യമായാൽ ഏറെകുറെ സൗകര്യങ്ങളെല്ലാം പ്രദേശവാസികൾക്ക് പ്രാപ്യമാകും.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം 03.09.2024 തീയതിയിൽ പദ്ധതി പ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി. പ്രദേശത്തിന്റെ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പദ്ധതിബാധിത കുടുംബത്തിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ- സാമ്പത്തിക സർവ്വേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു.

പഠനത്തിന്റെ അടുത്ത ഘട്ടമായി 23.10.2024 തീയതിയിൽ ആലങ്കോട് പഞ്ചായത്ത് ഹാളിൽ രാവിലെ 11 മണിക്ക് പബ്ലിക് ഹിയറിങ് നടത്തി. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്തും പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയുടെയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ചു. ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമയ്ക്ക് അവസരം നൽകുകയും ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ അർത്ഥനാധികാരിയുടെ കാര്യാലയത്തിലെയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തു. പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും പദ്ധതി ബാധിതയ്ക്കുള്ള ആശങ്കകളും സംശയങ്ങളും പങ്ക് വെക്കുന്നതിനുള്ള ഒരു വേദിയായിരുന്നു പബ്ലിക് ഹിയറിങ്.

### 7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ആലങ്കോട് പഞ്ചായത്തിൽ ഉൾപ്പെടുന്ന ആലങ്കോട് വില്ലേജിൽ

നിന്നുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No.485/2015/RD പോളിസി പ്രകാരം നഷ്ടപരി ഹാരം ഉടമക്ക് നൽകുക.
- പദ്ധതി നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും, സമയാധിഷ്ഠിതവുമായ നിർമ്മാർജ്ജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെ പ്രദേശത്തിൻെറ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്
- നിർദ്ദിഷ്ട ഭൂമിയെറ്റേടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാ മസം കൂടാതെ നടപ്പിലാക്കുക

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ 23.09.2015 തീയതിയിൽ G.O(MS)No. 485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച നഷ്ടപരിഹാരത്തിനും പുനഃര ധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമ ങ്ങൾ ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

### 7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

ബാധകമല്ല

**7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല

**7.6. ഓരോ നടപടികളും അതിനു വേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടു ക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരം ഭൂവുടമക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂക രിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശക ലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ട | | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമയെ ബോധ്യപ്പെടുത്തൽ |

| | | | | |
|---|---|---|---|---|
| | | പരിഹാരം നൽകുക | | |
| 2 | നിർമ്മാണ മാലിന്യങ്ങൾ മൂലം ഉണ്ടാകുവാനിടയുള്ള പരിസ്ഥിതി മലിനീകരണം | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായി നിർമ്മാർ ജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 3 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

## 8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബത്തിനുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനഃരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ആലങ്കോട് പഞ്ചായത്തിൽ ഉൾപ്പെടുന്ന ആലങ്കോട് വില്ലേജിൽ നിന്നുള്ള ഭൂമിയിൽ നിന്ന് ഏകദേശം 0.0477 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് മലപ്പുറം ഡെപ്യൂട്ടി കളക്ടർ എൽ.എ. ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് എൽ.എ. ജനറൽ, മലപ്പുറം ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതയുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനഃരധിവാസ– പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ വൃക്ഷവിലയും കൂടി ഉൾപ്പെടുത്തി നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതയുമായുള്ള മീറ്റിംഗ് മിനിറ്റ്സും

ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനഃരധിവാസ പുനഃസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളേയോ സംഘടനകളേയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻപ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിനെയാണ് ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ ഉൾപ്പെട്ട ആലങ്കോട് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2024 ആഗസ്റ്റ് 9–ാം തീയതിയിലെ കേരള ഗസറ്റിൽ (അസാധരണം) പ്രസിദ്ധപ്പെടുത്തിയ മലപ്പുറം ജില്ലാ കളക്ടറുടെ വിഞ്ജാപനം DCMPM/3526/2024/LA4 പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബത്തിന് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനഃരധിവാസ–പുനഃസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

ബാധകമല്ല

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ഠിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തു നിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ തിരൂർ, ആണ്.

### 10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

വൈദ്യുതി വിതരണം മെച്ചപ്പെടുത്തുക എന്നത് ഒരു പ്രദേശത്തിന്റെ വികസനത്തിന് അത്യാന്താപേക്ഷിതമാണ്. മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ പൂർത്തീകരിച്ചു കഴിഞ്ഞാൽ പ്രദേശത്ത് നിലവിൽ അനുഭവപ്പെടുന്ന മണിക്കൂറുകൾ നീളുന്ന വൈദ്യുതി തടസപ്പെടൽ ഒഴിവാക്കുന്നതിന് സാധിക്കും.

ഈ സാധ്യതകളെല്ലാം കണക്കിലെടുത്തുകൊണ്ട് ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ നിർമ്മാണത്തിനായി മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിലെ ആലങ്കോട് വില്ലേജിൽ നിന്ന് ഏകദേശം 0.0477 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, തിരൂർ ആണ്. ഉദ്ദേശിക്കുന്നു.

### 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പദ്ധതി മൂലം ഭൂവുടമക്ക് കൈവശ ഭൂമി നഷ്ടമാകുന്നു എന്നത് മാത്രമാണ് പദ്ധതിയുടെ പ്രത്യാഘാതമായി കാണുന്നത്. പ്രദേശത്ത് വൈദ്യുതി വിതരണം മെച്ചപ്പെടുന്നതിലൂടെ കുടുംബങ്ങളുടെ താമസവും, വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ വികസനവും മെച്ചപ്പെടും എന്നതിനാൽ പദ്ധതി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണ മാകും എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പദ്ധതിക്ക് വേണ്ടി ഭൂമി വിട്ടു നൽകുന്നതിൽ ഭൂവുടമയ്ക്ക് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും ഭൂവുടമയ്ക്ക് നഷ്ട പരിഹാരം നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം ഭൂവുടമയ്ക്ക് ഉണ്ടാകുവാനിട യുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ ഭൂവുടമയ്ക്ക് നിയമാ നുസൃതമായ നഷ്ടപരിഹാരം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗ ണിച്ച് കൊണ്ടും മലപ്പുറം ജില്ലയിൽ ചങ്ങരംകുളം 33/11 KV സബ് സ്റ്റേഷൻ പൊന്നാനി താലൂക്കിലെ ആലങ്കോട് വില്ലേജിൽ നിന്ന് ഏകദേശം 0.0477 ഹെക്ടർ ഭൂമി ഏറ്റെടു ക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- പദ്ധതി നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും, സമയാധിഷ്ഠിതവുമായ നിർമ്മാർജ്ജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെ പ്രദേശത്തിൻെറ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്.

- കാലതാമസം കൂടാതെയുള്ള പദ്ധതി നിർവ്വഹണവും ശുപാർശ ചെയ്യുന്നു

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ –റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. 2024 ആഗസ്റ്റ് 09 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2605 ൽ പ്രസിദ്ധപ്പെടുത്തിയ 07/0/8/2024 തീയതിയിലെ DCMPM/3526/2024/LA4 നമ്പർ വിജ്ഞാപനം.